[Mr. P. S. Nataraja Pillai.]

it is a vital distinction and on this basis the Government of India has undertaken a new legislation. The minister assured that in the near future he will introduce a Bill to this effect. I beg the permission of the House to withdraw the Resolution.

MR. PRESIDENT : പ്രമേയം പിൻവലിക്കുന്നതിന് ഈ സഭ അനുവദിക്കുന്നതായി ഞാൻ വിചാരിക്കുന്നു. (സഭ അനുകൂലിച്ചു.)

പ്രമേയം പിൻവലിക്കുന്നതിന് അനുവദിച്ചിരിക്കുന്നു.

RULING *RE*-PUBLICATION IN THE BHARATHI.

MR. PRESIDENT : മി. പോൾ തളിയത്ത് ഇന്നുരാവിലെ ഭാരതി പത്രത്തിലെ ഒരു ലേഖനം ഈ സഭയുടെ ദൃഷ്ടിയിൽപ്പെടുത്തി. ഞാൻ അതിനെക്കുറിച്ചുള്ള അഭിപ്രായം മുച്ചയ്ക്കുശേഷം പറയാമെന്നു സമ്മതിച്ചിരുന്നു. റിപ്പോർട്ട് മി. തളിയത്തുതന്നെ സഭയിൽ വായിച്ചതുകൊണ്ട് ഞാൻ അതു വീണ്ടും വായിക്കണമെന്നു വിചാരിക്കുന്നില്ല. ആ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു് കോൺഗ്രസ്സുകാരെപ്പറ്റിയല്ല. അസംബ്ലിമെമ്പറന്മാർ എന്നനിലയിൽ അവർ അവരുടെ നിലയെ ദുർവ്വിനിയോഗം ചെയ്തു എന്നാണു്. പാർലമെൻറി നടപടിയിൽ ഇങ്ങനെ കാണുന്നു:

"To justify the claim of privilege for a motion complaining of alleged libels on members, the conduct and language on which the libel is based must be actions performed or words uttered in the actual transaction of the business of the House. On this ground a charge made by a newspaper against a member that a statment he made in the House was false, received the priority accorded to a matter of privilege. Although privilege cannot be claimed for a motion containing imputations upon the character of a member which are not immediately connected with his conduct in Parliament, yet, owing to attendent circumstances, these motions, occasionally have been treated as privileged motions. For instance, when, on the 22nd July, 1861, a motion was proposed concerning the conduct of a member in connection with a Joint Stock Company, such conduct being wholy unconnected with matters arising in the House, the Speaker said it was doubtful whether the motion was properly a matter of privilege, but it affected the character of a member, it could be proceeded with, if it were the pleasure of the House."

അതുകൊണ്ട് ഇതു് ഈ സഭയുടെ നടപടികളെപ്പറ്റിയുള്ള ഒരാക്ഷേപമല്ലെങ്കിലും ഈ സഭയിലെ അംഗങ്ങളെപ്പറ്റി ആരോപണങ്ങൾ നടത്തിയിട്ടുള്ളതുകൊണ്ട് ഇതെപ്പറ്റി അലോചിച്ച് നടപടി എടുക്കണമോ എന്ന് സഭതന്നെ തീരുമാനിക്കണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO : മി. പാഠം തള്ളിയത്തു് ആ റിപ്പോർട്ട ഇവിടെ വായിച്ചില്ല. വായിച്ചാൽ കൊള്ളാം.

MR. PRESIDENT : നിർബന്ധമാണെങ്കിൽ വായിക്കാം.

ഈ ആണ്ടത്തെ ടെക്സ്റ്റ്ബുക്ക് അഴിമതികളുടെ കൂട്ടത്തിൽ മൂന്നു പതിനായിരവ്യവസ്ഥകൾ ഈ പംക്തികളിൽ റിപ്പോർട്ടചെയ്തിരുന്നല്ലോ. ഒരു പബ്ലിഷർ സ്റ്റേറുകാൺഗ്രസ്സുപാർട്ടിയിൽപെട്ട ഒരു കാൺസംബ്ലിമെമ്പറിനു പതിനായിരം രൂപായ്ക്കു നോട്ടെഴുതിക്കൊടുത്തു പുസ്തകം ടെക്സ്റ്റ്ബുക്ക് ആക്കുകയും ഇപ്പോൾ തുക കൊടുക്കുകയില്ലെന്നു പ്രസ്താവിച്ചതോടുകൂടി നോട്ടിൻപടിയുള്ള തുക കോടതിമുഖേന ഈടാക്കുന്നതിനു നടപടി ആരംഭിച്ചിരിക്കുന്നതായും അറിയുന്നു. പ്രസ്തുത കേസ് ഫയലാകുമ്പോൾ രസാവഹമായ പല സംഭവങ്ങളും പുറത്തുവരും. വിദ്യാഭ്യാസഡയറക്ടരുടെ ബംഗ്ലാവിൽവച്ച് വേറൊരു പതിനായിരം രൂപയ്ക്ക് മറെറാരു പുസ്തകത്തിനുവേണ്ടി ഇനിയൊരു കാണസംബ്ലി മെമ്പറുമായി കരാർഎഴുത്തുനടന്നു. അതു സംബന്ധിച്ചുള്ള പണവും കൊടുത്തിട്ടില്ലെന്നും തർക്കം നടക്കുന്നുവെന്നും അറിഞ്ഞു."

MR. K. R. ELANKATH : ഇതു് കാണസംബ്ലി മെമ്പറന്മാരെപ്പററി വളരെ ഗൗരവാവഹമായ ആരോപണങ്ങൾ അടങ്ങിയ ഒരു പ്രസ്താവന യാണു്. ഇതിനെ സംബന്ധിച്ചു് കാര്യമായ എന്തെങ്കിലും നടപടി നടത്തേണ്ടതു് അത്യാവശ്യമാണു. ഏതു മെമ്പറാണു് ഇതിനുത്തരവാദിയെന്നു നാമനിർദ്ദേശം ചെയ്യാതെയും കാൺഗ്രസ്സു് പാർട്ടിയിൽപെട്ട കാണസംബ്ലി മെമ്പറന്മാരാണെന്നു പറകയും ചെയ്യുമ്പോൾ നിയമസഭയ്ക്കും കാൺഗ്രസ്സു പാർട്ടിക്കും അതു അപമാനകരമാണു്. കാൺഗ്രസ്സിനെ സംബന്ധിച്ചു നിരുത്തരവാദപരമായ അപവാദലേഖനങ്ങൾ തുടരെ പരസ്യം ചെയ്തുകൊണ്ടിരിക്കുന്ന ഈ പത്രത്തിന്റെ പേരിൽ തീരുമാനമായും നടപടി നടത്തേണ്ടതു് ആവശ്യമാണു്. നമ്മുടെ ജനപ്രതിനിധിസഭയ്ക്കു് അപമാനം വരുത്തിക്കൂട്ടുന്നതും ചെയ്യുന്ന ഇത്തരം പ്രസ്താവനകളെപ്പററി ഗൗരവപൂർവ്വം ആലോചിക്കുകയും അതിനുതക്കവിധത്തിലുള്ള പ്രതിവിധി ആരായേണ്ടതുമാണു. ഒരു പ്രത്യേകമെമ്പറുടെമേൽ മാത്രമാണു് ഈ ആരോപണം ഉണ്ടായിരുന്നതെങ്കിൽ നമുക്കു് ആ മെമ്പറോടു ഇതെ സംബന്ധിച്ചു് ചോദിക്കയും കാണഗ്രസ്സു് പാർട്ടി മുഖാന്തിരം അതിനു് ശിക്ഷണനടപടി എടുക്കുകയും ചെയ്യാമായിരുന്നു. സ്വതന്ത്രനിലയിൽ കോടതി മുഖാന്തിരം ആ മെമ്പർക്കു പത്രത്തിന്റെമേൽ നടപടി നടത്തി പരിഹാരം നേടാൻ സാധിക്കുകയും ചെയ്യുമായിരുന്നു. ഇതിൽ ഈ പത്രത്തെ സംബന്ധിച്ചു ഗവണ്മെൻറിനുതന്നെ ഒരു പ്രോസിക്യൂഷൻ നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Elankath]

തക്കവണ്ണം മതിയായ കാരണങ്ങൾ ഉണ്ട്.. ഈ പത്രം ഇതു കൂടാതെ പലപ്പോഴും പല അപവാദവ്യവസായങ്ങളിലും ഏർപ്പെട്ടിട്ടുണ്ട്. നിരന്തരമായി വ്യാജപ്രസ്താവനകൾ ചെയ്തിട്ടുണ്ട്. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായി ഈ പത്രം എങ്ങനെയൊക്കെയാണ് സേവനം ചെയ്തിട്ടുള്ളതെന്ന് എല്ലാ മെമ്പറന്മാർക്കും അറിവുള്ളതാണ്. ഇങ്ങനെയുള്ള പത്രങ്ങൾ രാജ്യത്തിനു ഗുണമാണോ ദോഷമാണോ ചെയ്യുന്നതെന്നുള്ളതിനെപ്പറ്റി ഞാൻ പറയേണ്ട ആവശ്യമില്ല. എന്തായും ഗുരുതരമായ ചില ആരോപണങ്ങൾ ഈ സഭയിലെ അംഗങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് നാം ഇനി വൈകാതെ ഇരുന്നാൽ ഇതിൽ കൂട്ടുതലായി ഈ സഭയുടെ അന്തസ്സിനെ ബാധിക്കത്തക്കവണ്ണം ആരോപണങ്ങൾ കൊണ്ടുവരാൻ ആക്കം യാതൊരു സങ്കോചവും ഉണ്ടാകയില്ല. അതുകൊണ്ട് ഈ പത്രത്തിനെതിരേ കർശനമായ നടപടി നടത്തുന്ന വിഷയത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നു.

MR. P. T. CHACKO : കൈയ്ക്കൂലി വാങ്ങുന്നതിനെപ്പറ്റി നാം പറഞ്ഞു കഴിഞ്ഞിട്ട് രണ്ടു മിനിട്ട കഴിഞ്ഞതേ ഉള്ളൂ. അതിനിടയ്ക്ക് നമ്മുടെ സഭയിലെ രണ്ടു മെമ്പറന്മാർ കൈയ്ക്കൂലി സംബന്ധിച്ച കാര്യത്തിൽ ഇടപെട്ടിരിക്കുന്നുവെന്ന കുറ്റാരോപണം ചെയ്തിരിക്കുന്നു. ഇതു തെറ്റായിട്ടാണ പത്രം പറഞ്ഞതെങ്കിൽ ആ പത്രം അക്ഷന്തവ്യമായ ഒരു അപരാധമാണ് ചെയ്തിട്ടുള്ളത്. അത് ശരിയാണെങ്കിൽ അക്ഷന്തവ്യമായ ഒരു തെറ്റാണ് ആ മെമ്പറന്മാർ ചെയ്തിട്ടുള്ളത്. അതെങ്കിലും ഇതിൽ തെറ്റുചെയ്തിട്ടുണ്ടെങ്കിൽ അവർ നിശ്ചയമായും ശിക്ഷാർഹരാണ്. ഏതു മെമ്പറന്മാരാണ് ഇത് ചെയ്തിട്ടുള്ളതെന്ന് പ്രത്യേകം പറയാത്തിടത്തോളം ഇത് എല്ലാവരേയും ബാധിക്കുന്നതാണ്. അതുകൊണ്ട് അതിന്റെ യഥാർത്ഥ നില എന്താണ് എന്ന പുറത്തു വരേണ്ടതു് ഈ സഭയുടെ അഭിമാനസംരക്ഷണത്തിനാവശ്യമായതുകൊണ്ടു തെറ്റു ചെയ്ത ആളുകളെ കണ്ടുപിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം.

MR. V. GANGADHARAN NAIR : സർ, ഈ വിഷയത്തെക്കുറിച്ച് ഒരു വാക്കു പറയുവാനുണ്ട്. കാണസംബ്ളി മെമ്പറന്മാരെപ്പറ്റി ആയാലും നിയമസഭാമെമ്പറന്മാരെപ്പറ്റി ആയാലും ഉദ്യോഗസ്ഥന്മാരെപ്പറ്റി ആയാലും മറ്റാരെക്കുറിച്ചായാലും തുറന്ന് വിമർശിക്കുവാനുള്ള അവകാശവും അധികാരവും ഇവിടത്തെ പത്രങ്ങൾക്കും പത്രപ്രവർത്തകന്മാർക്കും

LIBRARY ARCHIVES Kerala Legislative Assembly

നാം കേൾക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഇത്തരം ആരോപണങ്ങൾ ഉണ്ടാകുമ്പോൾ എല്ലാ പത്രങ്ങളുടേയും നേരെ നടപടി എടുക്കണമെന്നുള്ള ഒരു മനോഭാവം നാം പ്രകടമാക്കിയാൽ ഈ സഭയ്ക്ക് അന്തരം നടപടി എടുക്കുന്നതിനു മാത്രമേ സമയമുണ്ടായിരിക്കുകയുള്ളൂ.

MR. PANDAVATHU SANKARA PILLAI : ആരോപണങ്ങൾ വാസ്തവമായിരിക്കണമെന്നില്ലേ?

MR. V. GANGADHARAN NAIR : വാസ്തവവിരുദ്ധമായ വിമർശനങ്ങൾ പുറപ്പെടുവിക്കുന്ന പത്രങ്ങളുടെ മേൽ പൊതുജനാനുകൂല്യം ഉണ്ടാകേണ്ടതല്ല. അവാസ്തവപ്രസ്താവനകളിൽ ഏർപ്പെട്ടിരിക്കുന്ന പത്രങ്ങൾ സ്വയം നശിച്ചു കൊള്ളുമെന്ന തത്വത്തിൽ ഞാൻ വിശ്വസിക്കുന്നു.

MR. K. R. ELANKATH : നിരന്തരമായി അപവാദവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പത്രങ്ങളുടെ മേൽ യാതൊരു നടപടിയും എടുക്കേണ്ട ആവശ്യമില്ലെന്നാണോ മെമ്പറുടെ അഭിപ്രായം.

MR. V. GANGADHARAN NAIR : അങ്ങനെയുള്ള ആരോപണങ്ങൾ അതിരുകവിഞ്ഞു വന്നാൽ അതേപ്പറ്റി ചിലപ്പോൾ ആലോചിക്കുന്നതിൽ തരക്കേടില്ല. പൂർണ്ണമായ വിമർശനസ്വാതന്ത്ര്യം പത്രങ്ങൾക്കു ഉണ്ടായിരിക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. A. NESAMONY: The proceedings of this House remind me of another incident which took place in the very same Chamber. A certain Bishop had made very serious allegations against the members who voted for the educational policy that was pursued by the then Government. We all met in a very solemn conclave here and every body was ready to hang the Bishop for what he had stated in a pastoral letter. There was only one single, feeble voice that protested against that action on the simple ground that "you are smothering the freedom of speech". But at the same time you are poking your nose into matters which ought not to have anything to do here, because it was a pastoral letter.

Now if that be the attitude of a past Government, I do not find any... .....

MR. CHERIYAN J. KAPPEN : May I know whether the Honourable member is aware of the fact that the then Government had issued a notice to the Bishop to withdraw ?

MR. A. NESAMONY : What happened ? The Bishop was as adamant as ever, and the Government went down on bended knees.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Nesamoney]

Now with regard to the proceedings of this House.—I am sorry an editor of the status of Mr. Elankath should advocate drastic action against a paper for having put out a news and made observations against two persons who are members of this House. May I remind the member whether he has read the columns of "Kerela Kaumudy" which went on pouring vitu erations against an Honourable member of this House? Did this House move evena little finger to defend the character of Mr. C. Narayana Pillai? Are there not occasions when various Malayalam papers went on pouring vituperations after vituperations and at the same time in citing violence to people on the other side of Trivandrum and yet, what did the Government do? Have they taken any action dueon it? Have they taken any notice of it? Well, that is the general attitude of the Government and the people. I fail to see why this circumstance alone should now weigh with this House to say "hang that Editor who has published that news" Every man can defend himself by saying justification by truth' and if when truth comes out. we shall be washing dirty linen in public. So I request the House to ponder deeply over the action that they comtemplete taking. I for one would strongly advocate the editor of the paper to substantiate every charge that he has made—whether it is dirty or nasty, it is immaterial. But people concerned must think twice before they advocate a course which will be absolutely derogatory to the dignity of the House.

MR. P. T. CHACKO: Does not the honourable member think that an enquiry should be conducted to get at the truth of the allegation?

MR. A. P. UDAYABHANU: ഈ പത്രത്തിൽ പ്രസിഡൻറ് അവർകളെക്കുറിച്ചും ആരോപണം ഉണ്ടായിട്ടുണ്ടെന്നാണ് എനിക്കു പറയാനുള്ളത്. അതായത് "പ്രധാനമന്ത്രി സ്ഥലത്തില്ലാതിരുന്ന തക്കം നോക്കി മന്ത്രിസഭയുടെ തീരുമാനത്തിനെതിരായി ഒരു അടിയന്തിരപ്രമേയം സ്റ്റേറ്റ് കോൺഗ്രസ്സു കക്ഷിയിൽപ്പെട്ട ഒരംഗം അവതരിപ്പിച്ചതും നിയമസഭാ പ്രസിഡൻറ് അതിന് അനുമതി നൽകിയതും മറ്റു മന്ത്രിമാർ മൗനം ദിക്കിച്ചതും പ്രധാനമന്ത്രി സ്ഥലത്തെത്തിയശേഷം അതിനെ പിൻവലിച്ചതും കൂട്ടിച്ചേർത്തു് ആലോചിക്കുമ്പോൾ രഹസ്യമണ്ഡലത്തിലുള്ള പ്രവർത്തനത്തിന്റെ യഥാർത്ഥ നില മനസ്സിലാക്കുവാൻ കഴിയും." ..... എന്നാണ് എഴുതിയിരിക്കുന്നത്. ഇതു് വളരെ ഇൻസിന്യുവേറ്റിംഗ് ആണെന്നാണ് എനിക്കു തോന്നുന്നതു്. വിശേഷിച്ചു് പ്രസിഡൻറ് അവർകളെപ്പറ്റിയുള്ള ഇൻസിന്യുവേഷൻസ് ഗൗരവപൂർവം വീക്ഷിക്കേണ്ടതാണ്.

MR. PRESIDENT: ഇതു് പ്രസിഡൻറിനെ സംബന്ധിച്ചുള്ള ഒരാരോപണമാണെന്നാണ് എൻറെ അഭിപ്രായം. പ്രസിഡൻറ് ഒരു പാർട്ടിയുടെയായി കക്ഷിചേരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. PONNARA G. SREEDHAR: ഭാരതിപ്പത്രത്തിലെ ആരോപണങ്ങളെ സംബന്ധിച്ചു പറഞ്ഞാൽ അതു് ഒരു ചരിത്രം സൃഷ്ടിച്ചു കഴിഞ്ഞു പത്രസ്വാതന്ത്ര്യത്തിന്റെ പേരിൽ മലയാളരാജ്യം പത്രാധിപർ പറഞ്ഞു, പത്രക്കാരുടെ മേൽ നടപടി എടുത്തുകൂടായെന്ന. അപവാദവ്യവസായം നടത്തുന്ന ചിലരുണ്ടു പത്രങ്ങളും വേറെയും ഉണ്ടു. കഴിഞ്ഞ കുറെ മാസങ്ങളായി തുടർച്ചയായി ഈ നാട്ടിൽ പൊതുജനസേവനം നടത്തുന്ന ആളുകളുടെയും സംഘടനകളുടേയും പേരിൽ വെറും അസത്യപ്രലോഭനങ്ങളും നടത്തിക്കൊണ്ടിരിക്കയാണു് ഈ പത്രം. ഇതു് ഒരു തൊഴിലായി സ്വീകരിച്ചിരിക്കയുമാണു്.

MR. K. A. MUHAMMED: അതെപ്പറ്റി ഇപ്പോൾ ഈ സഭ ആലോചിക്കേണ്ടതുണ്ടോ? ഈ സഭയിലെ മെമ്പറന്മാരെപ്പറ്റിയുള്ള ആരോപണങ്ങളെക്കുറിച്ചുമാത്രം നാം പറഞ്ഞാൽ പോരേ?

MR. PONNARA G. SREEDHAR: പൊതുജനസേവനം ചെയ്തിട്ടുള്ളവരാണു് ഇവിടെ വന്നിട്ടുള്ളവരെന്നാണു് എന്റെ അഭിപ്രായം. അല്ലാത്തവർ ആരെങ്കിലും ഇവിടെ ഉണ്ടോ എന്നെനിക്കു് അറിഞ്ഞുകൂടാ.

തുടർച്ചയായി കുറ്റാരോപണങ്ങളും അന്യരുടെ മേൽ ചൊരിഞ്ഞു് അതൊരു വ്യവസായമാക്കിയിരിക്കുന്നവരുടെ മേൽ നടപടി എടുക്കേണ്ട എന്നു പറയുന്നതു് കഷ്ടമാണു്. ചില മലയാളപത്രങ്ങളും തമിഴ്നാടു് കാൺഗ്രസ്സിനെപ്പറ്റി ആരോപണങ്ങളും ചെയ്തിട്ടു് ഗവണ്മെൻറു് എന്തു ചെയ്യുവെന്നു മി. നേശമണി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചോദിച്ചു. വാസ്തവത്തിൽ ഇന്നു് എന്താണു നടക്കുന്നതു്. തിരുവിതാംകൂറിനെപ്പറ്റിയിറങ്ങുന്ന തമിഴ് പത്രങ്ങളും ഗവണ്മെൻറിനെപ്പറ്റി വെറും അടിസ്ഥാനമായ രീതിയിൽ എഴുതിയ ചില ലേഖനങ്ങളും ഞാൻ തന്നെ പല തവണ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ ഏൽപ്പിച്ചിട്ടുണ്ടു്: മി. ഉണ്ണിത്താൻ ഇരിക്കുമ്പോൾ അദ്ദേഹത്തിന്റെ ദൃഷ്ടിയിലും പെടുത്തിയിട്ടുണ്ടു്. രണ്ടു പേരും ഇതെ സംബന്ധിച്ചു് ഒരു നടപടിയും എടുക്കാതിരുന്നതുകൊണ്ടു് മാത്രമാണു് ഇങ്ങനെയുള്ള പത്രങ്ങൾക്കു് എന്തും എഴുതാം എന്ന വിചാരമുണ്ടാകുന്നതു്. മലയാളപത്രങ്ങളാണെങ്കിൽ എന്റെ അറിവിൽപ്പെട്ടിടത്തോളം മറ്റു പാർട്ടിക്കാരെക്കുറിച്ചു യാതൊരസത്യവും പറഞ്ഞിട്ടില്ല. തമിഴ് പത്രങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ ഞങ്ങളും മറുപടി മലയാളപത്രങ്ങൾ പറയാൻ തുടങ്ങിയാൽ ഇന്നു തിരുവിതാംകൂറിൽ സമാധാനമായി ജീവിക്കുവാൻ സാധ്യമല്ല കൽക്കി എന്ന ഒരു തമിഴ് വാരിക വളരെ അധികം ദുഷ്പ്രചരണങ്ങളും നടത്തുന്നുണ്ടു്. അതിനെക്കുറിച്ചു് എന്റെ തമിഴ് സ്നേഹിതന്മാർ എന്തു പറയുന്നുവെന്നു് എനിക്കറിഞ്ഞുകൂടാ. തമിഴ്നാട്ടിൽ നിന്നും കുറെ അകലെയും തെക്കൻ തിരുവിതാം

LIBRARY ARCHIVES Kerala Legislative Assembly

[Mr. Pounara G. Sreedhar]

ക്കുറിൽ വന്നുവെന്നും അവർ അവിടങ്ങളിൽ സഞ്ചരിച്ചപ്പോൾ അവിടത്തെ സ്ഥലവാസികളായ തമിഴന്മാർ ഗ്രഹത്തിൽ ഭയന്ന് ഒളിച്ചിരിക്കുന്നതു കണ്ടുവെന്നും അവരോടു കാരണം ചോദിച്ചതിൽ മലയാളികളെ ഭയന്നിരിക്കയാണെന്നും മറും പ്രസ്താവിച്ചതായിട്ടാണ് കൽക്കിയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്.

അതുകൊണ്ടു ഞാൻ പറയുന്നതു മറുള്ളവർക്കു ഒരു പാഠമായിരിക്കത്തക്ക നിലയിൽ ഈ സഭ തന്നെ ഇതിനെപ്പറ്റി ഉൗർജിതമായ നടപടികൾ നടത്തണമെന്നാകുന്നു. പ്രസിഡൻറുതന്നെ ഇക്കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കണമെന്നു പക്ഷിക്കുന്നു.

MR. PRESIDENT : ഈ സഭയുടെ നേതാവിനു ഇക്കാര്യത്തെപ്പറ്റി എന്താണ് പറയുവാനുള്ളതെന്നറിഞ്ഞാൽ കൊള്ളാം.

HON'BLE. MR. A. THANU PILLAI : രണ്ടു ലേഖനങ്ങളെപ്പറ്റിയാണു ഇവിടെ പരാതിപ്പെട്ടിരിക്കുന്നതു്. ഒന്നു്, ഈ സഭയുടെ പ്രസിഡൻറിനെപ്പറ്റിയും, മറെറാന്നു് ഈ സഭയിലെ രണ്ടു മെംബറന്മാർ ചെയ്തിട്ടുള്ള നടപടികളെപ്പറ്റിയും ആരോപണപ്പെടുത്തിക്കൊണ്ടുള്ള പത്രപ്രസ്താവനകളാണ് അവ. സഭയുടെ പ്രസിഡൻറിനെപ്പറ്റിയുള്ള ലേഖനത്തെപ്പറ്റി ഈ സഭയ്ക്കു എന്തു ചെയ്യുവാൻ കഴിയുമോ ആ നടപടികൾ നടത്തണമെന്നുള്ളതിൽ എനിക്കു സംശയമില്ല. അതു നിശ്ചയമായും ഈ സഭയുടെ അന്തസ്സിനെ അതിലംഘിക്കുന്ന ഒരു പ്രസ്താവനതന്നെയാണ്. ഈ സഭയുടെഅന്തസ്സിനെ പാലിക്കേണ്ട മുഴുവൻ സഭയ്ക്കുണ്ടു്.

മറേറതു് ഇവിടത്തെ രണ്ടു മെംബറന്മാർ വേറെ എവിടെയോ വച്ചു സെസ്റുബുക്കുകമ്മറിയിൽ പുസ്തകങ്ങൾ അംഗീകരിപ്പിക്കുവാൻ വേണ്ടി കൈക്കൂലി വാങ്ങിച്ചു എന്ന പത്രപ്രസ്താവനയാണ്. ഞാൻ അതു വായിച്ചില്ല. ഇവിടത്തെ രണ്ടു മെംബറന്മാർ എന്നു പറയുന്നതിൽ അവരുടെ ഡിസ്ക്രിപ്ഷൻ എന്നുള്ളതിൽ കവിഞ്ഞു് അർത്ഥം കൽപിക്കേണ്ടതുണ്ടോ എന്നു സംശയിക്കുന്നു. ആ പ്രസ്താവനയെ സംബന്ധിച്ചിടത്തോളം ഈ സഭയ്ക്കു നടപടി നടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതിനു് മെംബറന്മാർ തന്നെ നടപടി നടത്തുകയായിരിക്കും നല്ലതു്.

MR. P. T. CHACKO : ആ മെംബറന്മാർ ആരെല്ലാമാണെന്നു പറഞ്ഞിട്ടില്ല.

HON'BLE. MR. A. THANU PILLAI : പിന്നെ ആർക്കും നടപടി നടത്തേണ്ട ആവശ്യവും ഉണ്ടാകുന്നില്ലല്ലൊ.

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO : രണ്ടു സ്റ്റേറുകാൺഗ്രസു മെംബറന്മാർ എന്നു പറഞ്ഞിട്ടുണ്ടു്.

HON'BLE. MR. A. THANU PILLAI : സ്റ്റേറുകാൺഗ്രസിനെപ്പററിയുള്ള ആരോപണങ്ങൾക്കു നടപടി നടത്തേണ്ട കാര്യം ഈ സഭയ്ക്കില്ല.

MR. THARIATHU KUNJITHOMMEN : ആ പ്രസ്താവനയിൽ ഉദ്യോഗസ്ഥന്മാരെ കൂടി ആക്ഷേപിച്ചിട്ടുണ്ടല്ലൊ.

MR. K. A. MUHAMMED : കൊച്ചി, മലബാർ, മുതലായ സ്ഥലങ്ങളിലെ ആളുകൾക്കുകൂടി ഇവിടുത്തെ പത്രങ്ങൾ വായിക്കാറുണ്ടു്.. ഇത്തരം പത്രപ്രസ്താവനകൾ അവരുടെ ശ്രദ്ധയിൽപെടുന്നപക്ഷം ഈ സഭയിലെ അംഗങ്ങൾ ഇങ്ങനെകൈക്കൂലി വാങ്ങിക്കുന്നവരാണെന്നും മറും അവർ അന്യഥാ ധരിക്കുവാൻ ഇടയാകുകയില്ലേ ?

HON'BLE. MR. A. THANU PILLAI : ഇവിടെ ഇപ്പോൾ എന്താണാവശ്യപ്പെട്ടിരിക്കുന്നതു ? ഈ പ്രസ്താവനകൾകൊണ്ടു ആർക്കെങ്കിലും മാനനഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അതു ഈ സഭയ്ക്കു ആലോചിക്കേണ്ട ഒരു കാര്യമാകുന്നില്ല. ഈ സഭയുടെ അന്തസ്സിനെ ആ പ്രസ്താവനകൾ ബാധിക്കുമെന്നുണ്ടെങ്കിൽ അതേപ്പററി നടപടി നടത്താവുന്നതാണു. പ്രസ്താവനകൾ ഞാൻ വായിച്ചില്ല. ഈ സഭയിലെ രണ്ടു സ്റ്റേറുകാൺഗ്രസുമെംബറന്മാർ ടെക്സ്റ്റുബുക്കായി ഏതോ പുസ്തകങ്ങൾ അംഗീകരിപ്പിക്കുന്നതിലേക്കു കൈക്കൂലി കൊടുത്തു എന്നോ മറോ അതിൽ പ്രസ്താവിച്ചിരിക്കുന്നു എന്നാണു് എന്റെ അറിവു.

MR. A. ATCHUTHAN (*Karthigapally II—General*) : കൈക്കൂലി കൊടുത്തു എന്നല്ല, വാങ്ങിച്ചു എന്നാണു.

HON'BLE. MR. A. THANU PILLAI : കൊടുത്താലും വാങ്ങിച്ചാലും രണ്ടും ഒരുപോലെയാണു്. ഏതായാലും ആ പ്രസ്താവന ഈ സഭയുടെ അന്തസ്സിനെ ബാധിക്കുമോ എന്നു സംശയമാണു്. അതിനെപ്പററി കുറച്ചു പഠിച്ചെങ്കിലല്ലാതെ എനിക്കു അഭിപ്രായം പറയുവാൻ നിവൃത്തിയില്ല. മറെറ പ്രസ്താവനയെക്കുറിച്ചു എനിക്കു സംശയമില്ല. ഇപ്പോൾ വായിച്ചുകേട്ടതിൽ രണ്ടു മന്ത്രിമാരും ലെജിസ്ലേറിവു് അസംബ ളിയിലെ പ്രസിഡൻറും ഒരു പക്ഷത്തുനിന്നുകൊണ്ടു മറെറ മന്ത്രിക്കു എതിരായി എന്തോണ്ടു ചെയ്യുന്നു എന്നാണു് അതിൽ കാണുന്നതു് അതു ഒരുതരത്തിലും സാധൂകരിക്കത്തക്കതല്ല. അതിൽ കവിഞ്ഞ ഒരാക്ഷേപം ഒരു പത്രക്കാർക്കും ചെയ്യാനുമില്ല. അതുകൊണ്ടു് ആ പ്രസ്താവനയെപ്പററി ഈ സഭയ്ക്കു എന്തു നടപടി ചെയ്യാൻ കഴിയുമോ അതു ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : ഈ സംഗതിയെപ്പറ്റി എനിക്കു പറയുവാനുള്ളതു ഇപ്രകാരമാണ്. രണ്ടു പത്രപ്രസ്താവനകളെപ്പറ്റിയാണു ഇവിടെ സംസാരിച്ചതു്. അതിലൊന്നു ഈ സഭയിലെ രണ്ടു മെംബറന്മാർ ടെക്സ്റ്റു ബുക്കു തിരഞ്ഞെടുപ്പു സംബന്ധിച്ചു ന്യായരഹിതമായ ചില പ്രവൃത്തികൾ ചെയ്തു എന്നാണ്. മെംബറന്മാരെപ്പറ്റി ഇതുപോലുള്ള ആരോപണങ്ങൾ ബ്രിട്ടീഷുപാർലമെൻറിൽ സാധാരണയാതൊരു നടപടിയും നടത്തേണ്ടതായിട്ടില്ലെന്നാണ് അതിലെ സ്പീക്കർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. എന്നാൽ നടപടി എടുക്കണമെന്നു സഭയ്ക്കു അഭിപ്രായമുണ്ടെങ്കിൽ സഭയുടെ അഭിപ്രായപ്രകാരം നടപടി നടത്താമെന്നുമാണ് പാർലമെൻറിലെ നടപടിയിൽ കാണുന്നതു്. ഏതായാലും ഈ സംഗതിയെപ്പറ്റി അടുത്ത ഒസെഷ്യനിൽ ആലോചിക്കാവുന്നതാണ്. രണ്ടാമത്തെ പ്രസ്താവന മന്ത്രിമാരെയും പ്രസിഡൻറിനെയും പറ്റിയുള്ളതാണ്. പ്രസിഡൻറു നിഷ്പക്ഷത പാലിച്ചില്ലാ എന്നാണു ആരോപണം. അതു തികച്ചും ഈ സഭയുടെ അന്തസ്സിനെ ബാധിക്കുന്നതാണെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. അതുകൊണ്ടു് ആ പത്രം ഒരാഴ്ചയ്ക്കകം ഈ പ്രസ്താവന പിൻവലിക്കാത്ത പക്ഷം ഈ സഭയുടെ പ്രസിഡൻറു എന്ന നിലയിൽ ഉള്ള അധികാരം വിനിയോഗിച്ചു നടപടി നടത്തുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും ർ-൭൦-നു വീണ്ടും കൂടുന്നതുമാണ്. ർ-൫-൭൦-നു് സഭ പിരിഞ്ഞു.

ELECTION TO CONSTITUENT ASSEMBLY OF INDIA

ർ-൭൦-നു പ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും കൂടി. ഇൻഡ്യൻ കോൺസ്റ്റിറ്റ്യുവൻറു അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പു നടന്നു. താഴെ പറയുന്ന അംഗങ്ങളെ തിരഞ്ഞെടുത്തതായി പ്രഖ്യാപനം ചെയ്യപ്പെട്ടു:—

ശ്രീ. ഏ. താണുപിള്ള.
,, ഏ. അച്യുതൻ.
,, പി. എസ്. നടരാജപിള്ള,
,, ആർ. വി. തോമസ്.
,, കെ. ഏ. മുഹമ്മദ്.
,, ഇ. ജാൻപില്ലിപ്പോസ്.

MR. PRESIDENT : ഇപ്പോൾ ഈ സഭ പിരിച്ചു വിട്ടിരിക്കുന്നു.

The House adjourned (*Sine die*) at 6-5 P. M.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly